# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1588 | 04.10.2016 - ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.ടി സംവിധാനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ഡോ.എൻ. ജയരാജ് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | കേന്ദ്രസർക്കാർ പാസാക്കിയ ജി .എസ്. ടി ബിൽ സംസ്ഥാന വരുമാനത്തെ എങ്ങനെയാണ് ബാധിക്കുക;വിശദീകരിക്കാമോ; | (എ)<br>(ബി)<br>&<br>(സി) | ജി.എസ്.ടി ഭരണഘടന 101-ാം ഭേദഗതി ബിൽ ആണ് പാർലമെന്റ് പാസാക്കിയത്. ജി.എസ്.ടി കരട് നിയമം തുടർ ചർച്ചക്കായി ജി.എസ്.ടി കൗൺസിലിനു മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ജി.എസ്.ടി കരട് ബില്ലിനെപ്പറ്റിയും ജി.എസ്.ടി നിരക്കിനെ കുറിച്ചുമുള്ള ചർച്ചകൾ ജി.എസ്.ടി കൗൺസിലിൽ പുരോഗമിച്ചു വരികയാണ്. ആയതിനാൽ സംസ്ഥാനത്തിന് ലഭിക്കാവുന്ന അധിക വരുമാനത്തെക്കുറിച്ചും നികുതി വിഹിതത്തെകുറിച്ചും വ്യക്തമാക്കാൻ ഇപ്പോൾ സാധിക്കുകയില്ല. |
| (ബി) | ഇത് നടപ്പാക്കുമ്പോൾ സംസ്ഥാനത്തിന് എത്രകോടി രൂപ അധികമായി ലഭിക്കുമെന്ന് വ്യക്തമാക്കാമോ; | | |
| (സി) | ഈടാക്കുന്ന നികുതിയുടെ എത്ര വിഹിതമാണ് സംസ്ഥാനത്തിന് ലഭിക്കുക; വിശദമാക്കുമോ; | | |
| (ഡി) | ജി .എസ് .ടി യുടെ പ്രധാന നിർദേശങ്ങൾ വ്യക്തമാക്കാമോ; | (ഡി) | ചരക്ക് സേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനു പുറമേ സേവനങ്ങൾക്ക്മേലുള്ള നികുതിയും സംസ്ഥാനത്തിനു ലഭ്യമാകും. ബാങ്കിംഗ്, ധനകാര്യം, ടെലികോം, ഇൻഷുറൻസ്, തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗനിരക്ക് രാജ്യത്തെ തന്നെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. ചരക്ക് സേവനനികുതി സമ്പ്രദായം പ്രാബല്യത്തിലാകുമ്പോൾ കേരളത്തിലെ സേവന നികുതി വിഹിതം കൂടി സംസ്ഥാനത്തിന് ലഭിക്കും. ഇത് കേരളത്തിന് നേട്ടമുണ്ടാക്കുമെന്നാണ് പൊതുവെ വിലയിരുത്തപ്പെട്ടിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | പരോക്ഷനികുതി സംബന്ധിച്ച് നിലവിൽ മൂല്യവർദ്ധിതനികുതി, വിൽപ്പന നികുതി, കേന്ദ്ര വിൽപ്പന നികുതി, ആഡംബര നികുതി , എൻട്രി ടാക്സ്, ലോട്ടറികളിന്മേലുള്ള നികുതി സർച്ചാർജ്ജ്, സെസ്സ്, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ വഴി ഈടാക്കുന്നതല്ലാത്ത വിനോദ നികുതി എന്നിവ സംസ്ഥാനമാണ് ഈടാക്കുന്നത്. എക്സൈസ് ഡ്യൂട്ടി, അഡീഷണൽ എക്സൈസ് ഡ്യൂട്ടി, അഡീഷണൽ കസ്റ്റംസ് ഡ്യൂട്ടി, സേവന നികുതി, സർചാർജ്, സെസ്സ് എന്നിവ കേന്ദ്ര സർക്കാരും ഈടാക്കുന്നു. ജി. എസ്. ടി. നടപ്പാകുമ്പോൾ ഇവയെല്ലാം ജി. എസ്. ടി. യിൽ ലയിക്കുന്നതാണ്. ജി. എസ്. ടി. യിൽ സംസ്ഥാനത്തിനും കേന്ദ്രത്തിനും ഒരേ സമയം നികുതി ഈടാക്കുവാൻ സാധിക്കും. ഈ സംവിധാനത്തിൽ എല്ലാ നികുതി ബാധകമായ കൈമാറ്റങ്ങളിന്മേലും (taxable supplies) കേന്ദ്രം സി.ജി.എസ്.ടി. യും സംസ്ഥാനങ്ങൾ എസ്.ജി.എസ്. ടി. യും ചുമത്തുന്നതാണ്. അന്തർ സംസ്ഥാന കൈമാറ്റങ്ങളിന്മേൽ ഐ.ജി.എസ്.ടി. ചുമത്തുന്നത് കേന്ദ്ര സർക്കാരാണ്. ചരക്ക് സേവന നികുതി destination based ആകയാൽ കേരളത്തിന് ഗുണകരമാകുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. |
| (ഇ) | ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് എന്തൊക്കെ നിർദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ഇ) | ചരക്ക് സേവന നികുതി നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളുടെ ഈ ആവശ്യം അംഗീകരിച്ചുകൊണ്ട് ഇതിനുള്ള വകുപ്പ് ഭരണഘടനാ ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം Goods and Service Tax Council ന്റെ ശുപാർശ അനുസരിച്ച് പാർലമെന്റ് നിയമനിർമ്മാണത്തിലൂടെ ജി.എസ്.ടി നടപ്പിലാക്കിയ ശേഷമുള്ള |

| | | | |
|---|---|---|---|
| | | | ആദ്യത്തെ 5 വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ജി.എസ്.ടി നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വിലക്കുറവ് ഉപഭോക്താവിന് ലഭിക്കത്തക്ക വിധത്തിൽ ഒരു ഫോർമുല ജി.എസ്.ടി കൗൺസിൽ രൂപപ്പെടുത്തിയെടുക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനു പുറമെ ഒന്നര കോടി രൂപ വരെ turn over ഉള്ള ചെറുകിടക്കാരായ വ്യാപാരികൾക്കായി സംസ്ഥാന ജി.എസ്.ടിയുടേയും കേന്ദ്ര ജി.എസ്.ടിയുടേയും ഭരണ നിർവ്വഹണം ഒരൊറ്റ നികുതി അധികാരി തന്നെ നടത്തണമെന്നും സംസ്ഥാനം ആവശ്യമുന്നയിച്ചിട്ടുണ്ട്. കൂടാതെ വ്യാപാരിയിൽ നിന്ന് ഉപഭോക്താവിലേക്കുള്ള അന്തർ സംസ്ഥാന ഇടപാടുകളിന്മേലുള്ള വീതം വയ്ക്കാത്തതും വർഷാന്ത്യത്തിൽ മിച്ചം വരുന്നതുമായ ക്രെഡിറ്റ് divisible pool ൽ ഉൾപ്പെടുത്തി ഫിനാൻസ് കമ്മീഷൻ നിശ്ചയിക്കുന്ന ഫോർമുലയനുസരിച്ച് സംസ്ഥാനങ്ങൾക്ക് വീതം വയ്ക്കപ്പെടേണ്ടതാണെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഈ തുക consolidated fund ൽ ഉൾപ്പെടുത്തരുതെന്നാണ് കേരളത്തിന്റെ ആവശ്യം. |

**സെക്ഷൻ ഓഫീസർ**